(ഡി) ആയക്കെട്ട് പതിവിൽപ്പെട്ടതാകയാൽ ലാന്റ് ട്രിബ്യൂണൽ വഴി മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ. പേപ്പർമിൽ വക തണ്ടപ്പേരിൽ കിടക്കുന്ന പതിവ് വസ്തു ആകയാലും ബോംബെ ഹൈക്കോടതിയുടെ റിസീവറുടെ ഭരണത്തിൻകീഴിൽ ഇരിക്കുന്നതാകയാലും അപേക്ഷകൾ നിരസിച്ചിട്ടുള്ളതാണ്.

(ഇ) പേപ്പർമില്ലിന് അടിസ്ഥാന ഭൂനികുതി, വിൽപ്പന നികുതി, ഗ്രാറ്റുവിറ്റി, കെട്ടിട നികുതി, ടെലിഫോൺ ചാർജ്, വിളക്കുടി പഞ്ചായത്തിനുണ്ടായ നഷ്ടം, ബനിഫിറ്റ് ഫണ്ട് തുടങ്ങിയ ഇനങ്ങളിലായി 41,09,81,569 രൂപ കുടിശ്ശിക ഉള്ളതാണ്.

(എഫ്) ഭൂമി ആയക്കെട്ട് പതിവിലുൾപ്പെട്ടതാകയാൽ നിലവിലുള്ള ഭൂമി പതിവ് നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല.

ഇടുക്കി ജില്ലയിൽ കെ. ഡി. എച്ച്. വില്ലേജ് റീസർവ്വേ

120 [1345] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കണ്ണൻദേവൻ ഹിൽ വില്ലേജ് റീസർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് സർവെ ഉപകരണം ഉപയോഗിച്ചാണ് സർവെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കെ. ഡി. എച്ച്. വില്ലേജ് സർവെ ആരംഭിച്ചതെന്നാണ്; പ്രസ്തുത നിക്കാർഡ് റവന്യൂ ഭരണത്തിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെ. ഡി. എച്ച്. വില്ലേജ് സർവെ നടത്തുന്നതിന്, നിലവിൽ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) കെ. ഡി. എച്ച്. വില്ലേജ് സർവെ നടത്തി അധികമായുള്ള ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(എഫ്) കെ. ഡി. എച്ച്. വില്ലേജിന്റെ റീസർവെയുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥർ ഏതെല്ലാം കാലയളവിൽ നാളിതുവരെയായി ജോലി ചെയ്തിരുന്നുവെന്നും, അവരുടെ കാലാവധിയും പദവി തിരിച്ചുള്ള ലിസ്റ്റും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫീൽഡ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ റിക്കാർഡുകൾ ഫൈനൽ ആയിട്ടില്ല.

(ബി) ആകെയുള്ള 29 ബ്ലോക്കുകളിൽ 20 ബ്ലോക്കുകൾ 'ടോട്ടൽ സ്റ്റേഷൻ' എന്ന ആധുനിക ഉപകരണം ഉപയോഗിച്ചാണ് സർവെ നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ. ഡി. എച്ച്. വില്ലേജിൽ ടാറ്റാ ടീ കമ്പനിയുടെ കൈവശത്തിലുള്ള സ്ഥലത്തിന്റെ സർവെ 1996 ഡിസംബറിൽ ആരംഭിച്ച് 5/2000-ൽ പൂർത്തിയായി. ടി റിക്കാർഡ് ഫൈനലൈസ് ചെയ്യുന്നതിലേയ്ക്കായി കേരള സർവെ അതിരടയാള നിയമം സെക്ഷൻ 9 (2 നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി പുരോഗതിയിലാണ്. അടുത്ത കേരള സർവെയും അതിരടയാളവും ആക്ട് പ്രകാരമുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാലാണ് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് നടപടികൾ വരുത്താത്തത്. അതിനുള്ള നടപടികൾ പുരോഗതിയിലാണ്.

(ഡി) ടി വില്ലേജിലെ ടോട്ടൽ സ്റ്റേഷൻ സർവ്വെ ജോലികൾക്ക്, അളവുബത്ത, ഡിമാർക്കേഷൻ ചാർജ്, ചെയിൻമാൻകൂലി, വാഹനവാടക എന്നീ ഇനങ്ങളിലായി 48,14,031 രൂപയും (നാല്പത്തിയെട്ടുലക്ഷത്തി പതിനാലായിരത്തി മുപ്പത്തി ഒന്ന്) രൂപയും. കമ്പ്യൂട്ടർ. പ്ലോട്ടർ തുടങ്ങിയ ഉപകരണങ്ങൾ, ടോട്ടർ സ്റ്റേഷൻ ഉപയോഗിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ ഇവയ്ക്കായി 8,16,701 (എട്ടു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി ഒന്ന്) രൂപയും ഉൾപ്പെടെ 56,30,732 (അമ്പത്തി ആറ് ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി മുപ്പത്തിരണ്ട്)രൂപ ചെലവായിട്ടുണ്ട്.

(ഇ) മേൽപ്രകാരം സർവ്വെ നടത്തിയതിൽ, പല ബ്ലോക്കുകളിലായി കമ്പനി 49.80 ഹെക്ടർ ഭൂമി അനധികൃതമായി കൈവശം വച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. റിക്കാർഡുകൾ ഫൈനൽ ചെയ്ത് റവന്യൂ ഭരണത്തിന് വരുത്തുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(എഫ്) കെ. ഡി. എച്ച്. വില്ലേജിലെ ടോട്ടൽ സ്റ്റേഷൻ സർവ്വെ നാലു ഘട്ടങ്ങളിലായാണ് പൂർത്തിയാക്കിയിട്ടുള്ളത്. ടി ജോലി, ദേവികുളം സർവ്വെ സൂപ്രണ്ടിന്റെ കീഴിലാണ് നിർവ്വഹിച്ചിട്ടുള്ളത്. ഈ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം താഴെ പറയുന്നു:

ആദ്യഘട്ടം: 12/96 മുതൽ 5/97 വരെ-ടി ജോലിയിൽ 29 സർവ്വയർമാരും 4 ഹെഡ് സർവ്വയർമാരും ജോലി ചെയ്തു.

രണ്ടാം ഘട്ടം: 12/97 മുതൽ 4/98 വരെ 15 സർവ്വയർമാരും 2 ഹെഡ് സർവ്വയർമാരും ജോലി ചെയ്തിട്ടുണ്ട്.

മൂന്നാം ഘട്ടം: 2/99 മുതൽ 4/99 വരെ 5 സർവ്വയർമാരും 1 ഹെഡ് സർവ്വെയറും 4/99 മുതൽ 5/99 വരെ 21 സർവ്വയർമാർ, 1 ഹെഡ് സർവ്വയർ 6/99 മുതൽ 8/99 വരെ 15 സർവ്വയർമാരും 1 ഹെഡ് സർവ്വയർ.

നാലാം ഘട്ടം: 9/99 മുതൽ 5/2000 വരെ 54 സർവ്വയർമാരും 2 ഹെഡ് സർവ്വയർമാരും ജോലി ചെയ്തിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly